റാവുസാഹിബ്ബ് ഐ. എൻ. മേനോൻ :

(ക) ക വ—ക ഠ —ക ക ഠ ന.

(ഖ) ഘ ന —ക ഠ —ക ക ഠ വ.

(ന) ഒന്നാംക്ലാസ്സ് രണ്ടു ഡിവിഷനും രണ്ടാം ക്ലാസ്സ് ഒരു ഡിവിഷനും ഗ്രാൻറ് അനുവദിച്ചു. ഇതു ഉരുപ്പിക എന്നു കാണിച്ചിട്ടില്ല. അതു കാണിക്കേണമില്ല. കോഡു് അനുസരിച്ചു് സംഖ്യ കണക്കാക്കും.

(ങ) ഗ്രാൻറ് അനുവദിച്ചതിനുശേഷം ബിൽ പാസാക്കി അയക്കേണ്ടു്.

(ങ) അനുവദിച്ച ഒരു സംഖ്യയെപ്പറ്റി പ്രസ്താവിക്കുന്നതുകൊണ്ടു് 'ആ ബിൽ' ഏതു ബില്ലാണെന്നു മനസ്സിലാകുന്നില്ല.

(ന) ഉത്തരം ആവശ്യമില്ല.

(ഒ) ഉത്തരം ആവശ്യമില്ല. എങ്കിലും വിവരത്തിനു വേണ്ടി പറയാം. ഗ്രാൻറ് അനുവദിക്കുന്നതിനു് മുമ്പു് അവകാശമില്ലാതെ മാനേജർ ഒരു ബിൽ അയപ്പാൻ ഇടവരികയും ഗ്രാൻറ് അനുവദിച്ചിട്ടില്ല എന്ന വിവരം ഓർമ്മവെക്കാതെ ഇൻസ്പെക്ടർ അതു പാസ്സാക്കി മാനേജർക്കു് അയക്കുകയും ചെയ്തു. ആ ബിൽ ക്രമപ്രകാരം കാഷ്ചെയ്യുന്നതിനുമുമ്പു് തിരിയെ വരുത്തി. അതിലെ സംഖ്യ പിന്നീടു് അനുവദിച്ചു കൊടുത്തിട്ടില്ല.

(ഖ) അതിനു് അവകാശമില്ലാത്തതുകൊണ്ടു് അനുവദിച്ചുകൊടുത്തിട്ടില്ല.

(ന) സാമാന്യമായി ഈ സമുദായത്തിൽപെട്ട വളരെ കുട്ടികൾ പഠിക്കുന്നുണ്ടെന്നറിയാം.

(ക ാ) ആ സംഖ്യക്കു് അവകാശമില്ലാത്തതുകൊണ്ടു് അനുവദിക്കാൻ നിവൃത്തിയില്ല.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ഗ്രാൻറ് അനുവദിച്ചു കൊടുത്തിട്ടു് പിന്നെ തിരിയെ വാങ്ങിക്കാൻ കാരണമെന്താണു് ?

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : ഈ സ്കൂൾ ക്രാംഗന്നൂർ പ്രിൻസിപ്പാലിറ്റിയിൽ പെട്ടതാണു്. ചില ക്ലാസിനു ഗ്രാൻറ് അനുവദിക്കുന്നതിനു മുമ്പു് അവകാശമില്ലാതെ മാനേജർ ഒരു ബിൽ എഴുതി അയപ്പാൻ ഇടവരികയും ഗ്രാൻറ് അനുവദിച്ചിട്ടില്ല എന്ന വിവരം ഓർമ്മവെക്കാതെ ഇൻസ്പെക്ടർ അതു പാസാക്കി അയക്കുകയും ചെയ്തു. പിന്നീടു് ഗ്രാൻറ് അനുവദിച്ചിട്ടില്ല എന്നുള്ളതു മനസിലായപ്പോൾ അതു തിരിയെ വാങ്ങിച്ചു.

മിസ്റ്റർ. കെ. എസ്സ്. പണിക്കർ : ക ഠ വ മുതൽക്കു ഈ സ്കൂളിനു ഗ്രാൻറ് കൊടുത്തിരുന്നുവൊ ?

റാവു സാഹിബ്ബ് ഐ. എൻ. മേനോൻ : ആയിരിക്കാം തീയ്യതി ഓർമ്മയില്ല.

LIBRARY IN MATTATHUR VILLAGE—BUILDING GRANT.

385. മിസ്റ്റർ. കെ. എസ്സ്. പണിക്കർ : താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവു മറുപടി പറയുമോ.—

(ക) മറ്റത്തൂർ വില്ലേജിൽ ഒരു വായനശാലക്കു കെട്ടിടമുണ്ടാക്കുന്നതിനു ഗവൺമെണ്ടിൽനിന്നും കഴിഞ്ഞ ക ങ കൊല്ലത്തിനകം വല്ല സംഖ്യയും ചിലവു ചെയ്തിട്ടുണ്ടോ, ഉണ്ടെങ്കിൽ ഏതു കൊല്ലത്തിൽ, എത്ര ഉരുപ്പിക ;

LIBRARY ARCHIVES Kerala Legislative Assembly

(ഫ) പ്രസ്തുത വായനശാലക്കു് കെട്ടിടം പണിയിച്ചതാർ;

(ബ) ഇപ്പോൾ ആ കെട്ടിടത്തിന്റെ സ്ഥിതിയെന്തു്?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ:

(ഫ) ഇല്ല. മറ്റുഭാഗങ്ങൾക്കു് ഉത്തരം ആവശ്യമില്ല.

(ഫ) പള്ളത്തേരി പാറൻ മാധവൻ.

(ബ) ൧൯൩൫-ൽ പ്രസ്തുത കെട്ടിടം നാമാവശേഷമായി.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: മറത്തുക്കുട്ടത്തുള്ള വായന ശാല എവിടെയാണെന്നു പറഞ്ഞാൽകൊള്ളാം.

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: കടക്കരയിൽ നിന്നു മറത്തുക്കു് എത്രമൈൽ ദൂരമുണ്ടു്?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: നോട്ടീസ്സു് വേണം.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: മറത്തൂരിൽ ഒരു വായനശാല നടത്തിയിരുന്നു എന്നു ഗവർമ്മേണ്ടിനറിയാമൊ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: അറിയാം.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: അവിടെ ഒരു വായനശാല ആവശ്യമാണെന്നു ഗവർമ്മേണ്ടിനറിയാമൊ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: കൊച്ചിരാജ്യത്തിൽ എല്ലാ ഭാഗങ്ങളിലും വായനശാല ആവശ്യമാണു്, ഇവിടെ മാത്രമല്ല.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: മറത്തൂർ കോടശ്ശേരിമലയുടെ അടുത്താണൊ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: അതെ.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: അവിടെയുള്ള ജനങ്ങൾക്കു വായനശാല ആവശ്യമുണ്ടൊ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ഉണ്ടു്.

മിസ്റ്റർ. കെ. എസ്സു്. പണിക്കർ: അവർക്കു ഒരു വായനശാല സ്ഥാപിച്ചുകൊടുക്കാമൊ?

റാവു സാഹിബ്ബു് ഐ. എൻ. മേനോൻ: ഗവർമ്മേണ്ടു് കൊല്ലന്തോറും അഞ്ചു വായന ശാല വീതം അനുവദിച്ചു കൊടുത്തുവരുന്നുണ്ടു്. അതുകൊണ്ടു് ഒരിക്കൽ ഇവിടെയും സ്ഥാപിച്ചുകൊടുക്കും എന്നു പറയാം.

മിസ്റ്റർ. സി. വി. ഇയ്യു: വായനശാലയിൽ നിന്നു പുസ്തകം വായിക്കാൻ എടുക്കുന്നവരിൽ കൂലിവേലക്കാരിൽ വല്ലവരും ഉണ്ടൊ എന്നു ഗവർമ്മേണ്ടിനറിയാമൊ?

റാവുസാഹിബ്ബു് ഐ. എൻ. മേനോൻ: ചില ലൈബ്രറികളിൽ വളരെ താഴ്ന്ന ജാതിക്കാർ പോയി വായിക്കുന്നുണ്ടെന്നറിയാം.

LIBRARY ARCHIVES Kerala Legislative Assembly